# കേരള സർവകലാശാല

നം.പി.ആർ.172/2019 ഫോൺ: 2305738

# പത്രക്കുറിപ്പ്

## പരീക്ഷ മാറ്റി

സർവകലാശാല നാളെ നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റി വെച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

## പരീക്ഷാ തീയതി

ആഗസ്റ്റ് 12 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി എക്സാമിനേഷൻ ആഗസ്റ്റ് 2019 (2013 സ്കീം) പരീക്ഷ ആഗസ്റ്റ് 14 ലേയ്ക്ക് മാറ്റിയിരിക്കുന്നു.

## ക്ലാസ് ഇല്ല

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന എല്ലാ കോഴ്സുകൾക്കും ആഗസ്റ്റ് 10, 11 തീയതികളിൽ ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല.

## പരീക്ഷാഫലം

2019 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ഇൻ്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 19 വരെ അപേക്ഷിക്കാം. 2019 മാർച്ചിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഡ്സ് (2018 സ്കീം) ഡിഗ്രി പരീക്ഷാഫലം വെബ്സൈറ്റിൽ. വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം 2018 ഡിസംബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ മലയാളം, എം.എ ഇക്കണോമിക്സ്, ഹിന്ദി എന്നീ പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ. 2019 ജൂണിൽ നടത്തിയ എം.എ ഹിസ്റ്ററി 2017 – 2019 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## അസൈൻമെൻ്റ്/കേസ് അനാലിസിസ്

വിദൂര വിദ്യാഭ്യാസ വിഭാഗം എം.എ/എം.എസ്.സി/എം.കോം കോഴ്സുകളുടെ മൂന്നും നാലും സെമസ്റ്റർ അസൈൻമെൻ്റ്/കേസ് അനാലിസിസ് സമർപ്പിക്കേണ്ട തീയതി ആഗസ്റ്റ് 13.

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2019
## എസ്.സി/എസ്.ടി. സ്പോട്ട് അലോട്ട്മെന്റ്

2019–20–ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. ആലപ്പുഴ മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി.കോളേജിൽ ആഗസ്റ്റ് 09 –ന് ഹാജരാകേണ്ടതാണ്. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാവരേയും പരിഗണിച്ചതിന് ശേഷം മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളൂ.സ്പോട്ട് അലോട്ട്മെന്റിനായി സർവകലാശാലയിലേയ്ക്ക് അപേക്ഷകൾ ഒന്നും തന്നെ അയയ്ക്കേണ്ടതില്ല.വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

## പ്രവേശന പരീക്ഷ

കാര്യവട്ടം സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, ലക്ഷ്മീഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, (സായി – എൽ.എൻ.സി.പി.ഇ) 2019 – 20 അദ്ധ്യയന വർഷത്തെ ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ് – 2 വർഷം) കോഴ്സിന് എസ്.സി/എസ്.റ്റി വിഭാഗത്തിന് വേണ്ടി മാറ്റിവെയ്ക്കപ്പെട്ട 6 ഒഴിവുകളിലേയ്ക്ക് (പെൺകുട്ടികൾ – 5 & ആൺകുട്ടികൾ – 1) നിശ്ചിത യോഗ്യതയുള്ള എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: എതെങ്കിലും വിഷയത്തിൽ ബിരുദം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം (അസ്സൽ) ആഗസ്റ്റ് 14 ന് രാവിലെ 8.00 മണിയ്ക്ക് കോളേജിൽ ഹാജരാകേണ്ടതാണ്. ഈ കോഴ്സിലേയ്ക്ക് 2019 – 20 അദ്ധ്യയന വർഷം പ്രവേശന പരീക്ഷയ്ക്ക് ഹാജരായവർ അപേക്ഷിക്കാൻ യോഗ്യരല്ല. വിശദ വിവരങ്ങൾക്ക് **www.lncpe.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## പിഎച്ച്.ഡി നൽകി

അയന ഗായത്രി ആർ.വി (സുവോളജി), ജഗദീശൻ ആർ (ബോട്ടണി), പ്രഭ ബി, രമ്യ ആർ, ക്രിസ്റ്റ ജോൺ (കെമിസ്ട്രി), ധന്യ വി (ജോഗ്രഫി), സൗമ്യ എ (ബയോടെക്നോളജി), കനിത ഡി.കെ (കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്), ചിത്ര പ്രിയ എൻ.എസ് (ഫിസിക്സ്), ആരതി എ.ആർ (അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ്), സാജൻ അമ്പാഡിയിൽ (ഒപ്റ്റോഇലക്ട്രോണിക്സ്), എലിസബത്ത് ചെറിയാൻ (ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്), ശ്രീദേവി എസ്.എൽ (മാത്തമാറ്റിക്സ്), ഷർമാദ് എം.എസ് (മെഡിസിൻ), പ്രവിത ആർ (ഫിലോസഫി), ഉണ്ണികൃഷ്ണൻ എസ് (മലയാളം), അശ്വതി ആനന്ദ്, സെൽവരാജ് എസ് (സൈക്കോളജി), റിയാസ് ഇ.കെ (കൊമേഴ്സ്), രഞ്ജിത്ത് കൃഷ്ണൻ കെ.ആർ, നീതു വർഗീസ്, അനിത ഐസക് (ഇംഗ്ലീഷ്), ഹരികൃഷ്ണൻ എം (എഡ്യൂക്കേഷൻ), മഞ്ജു കെ.എസ് (മെഡിക്കൽ ബയോകെമിസ്ട്രി), ആനന്ദ ലക്ഷ്മി കെ. എൻ (ആയുർവേദം), രാജേഷ് ആർ (മാനേജ്മെന്റ് സ്റ്റഡീസ്), തിരുവെങ്കടം എസ്, എ

ഷൈല ഹെലിൻ, സുഗുമാരി രാജം ആർ (തമിഴ്), രശ്മി ആർ.എസ് (ഹിസ്റ്ററി) എന്നിവർക്ക് പിഎച്.ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

08–08–2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098